ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17-04-2026 TIME : 07.25 PM

# പ്രധാന വാർത്തകൾ

1. ലോക്സഭയിലും നിയമസഭകളിലും വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള മൂന്ന് സുപ്രധാന ബില്ലുകളിൽ ലോക്സഭയിൽ വോട്ടെടുപ്പ്.

   Lok Sabha votes on three key bills aiming to increase women's representation in Parliament and State Assemblies.

2. വനിതാ സംവരണ ബിൽ ഭേദഗതിയെ പിന്തുണയ്ക്കണമെന്ന് എല്ലാ പാർലമെന്റ് അംഗങ്ങളോടും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   PM Narendra Modi urges all Members of Parliament to support the Women's Reservation Amendment Bill.

3. ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാർ ഉടൻ ഉണ്ടായേക്കാമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

   US President Donald Trump says a deal to end the war with Iran is likely soon.

4. കേരളത്തിൽ കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കാൻ ആരോഗ്യ വകുപ്പ് നിർദ്ദേശം. പ്രധാന ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചു.

   Health Department issues advisory as Kerala reports extreme heat; special heat stroke clinics start in major hospitals.

5. പശ്ചിമേഷ്യയിലെ ഇന്ത്യൻ പൗരന്മാരും നാവികരും സുരക്ഷിതരാണെന്ന് കേന്ദ്രസർക്കാർ.

   The Central Government confirms the safety of Indian citizens and sailors in West Asia.

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ട്വൻറി - 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.
**India-South Africa Women's T20 cricket series begins today; Gujarat Titans face Kolkata Knight Riders in IPL.**

❁❁❁❁❁❁❁❁❁❁❁❁

## REV. PM-VOTE APPEAL

വനിതാ സംവരണ ബിൽ ഭേദഗതിയെ പിന്തുണയ്ക്കണമെന്ന് എല്ലാ പാർലമെന്റ് അംഗങ്ങളോടും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. രാജ്യത്തെ ദശലക്ഷക്കണക്കിന് സ്ത്രീകൾ പാർലമെന്റ്പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവരാണെന്ന് സമൂഹ മാധ്യമ കുറിപ്പിൽ അദ്ദേഹം പറഞ്ഞു. രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് അവരുടെ അർഹമായ അവകാശം ലഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്ന് ശ്രീ മോദി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## LOKSABHA

ഭരണഘടനയുടെ നൂറ്റി മുപ്പത്തിയൊന്നാം ഭേദഗതി ബിൽ, ഡീലിമിറ്റേഷൻ ബിൽ, കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമങ്ങൾ ഭേദഗതി ബിൽ എന്നിവയിന്മേലുള്ള ചർച്ച ലോകസഭ ഇന്ന് പുനരാരംഭിച്ചു. ലോകസഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ബില്ലുകൾ.'നാരി ശക്തി വന്ദൻ അധിനിയം' ഒരു വനിതാ സംവരണ ബില്ലല്ലെന്നും സ്ത്രീ ശാക്തീകരണവുമായി ഇതിന് യാതൊരു ബന്ധവുമില്ലെന്നും ചർച്ചയിൽ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അവകാശപ്പെട്ടു. എന്നാൽ ഇത് വെറുമൊരു നിയമനിർമ്മാണം മാത്രമല്ലെന്നും അത് ഇന്ത്യയിലെ പകുതി ജനസംഖ്യയുടെ അന്തസ്സിന്റെയും അവകാശങ്ങളുടെയും പ്രതീകമാണെന്നും ബിജെപിയിലെ സന്ധ്യാ റേ, പറഞ്ഞു. സർക്കാർ അവതരിപ്പിച്ച മൂന്ന് ബില്ലുകളെയും കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി പിന്തുണച്ചു. ഡിഎംകെ എംപി കനിമൊഴി ബില്ലുകളെ എതിർത്തു. വനിതാ സംവരണത്തിന് അനുകൂലമായി രാജ്യത്ത് ഏകകണ്ഠമായ രാഷ്ട്രീയ സമവായം നിലനിൽക്കുന്ന സാഹചര്യത്തിലാണ് നാം നിൽക്കുന്നതെന്ന് കോൺഗ്രസ് എംപി ശശി തരൂർ പറഞ്ഞു. എന്നാൽ വനിതാ സംവരണം നടപ്പിലാക്കുന്നത് പാർലമെന്റ് വിപുലീകരണവുമായും 2011-ലെ സെൻസസുമായും ഡീലിമിറ്റേഷനുമായും ബന്ധിപ്പിച്ചിരിക്കുന്നതിൽ

അദ്ദേഹം ആശങ്ക രേഖപ്പെടുത്തി. ബില്ലിൻമേൽ ഇന്ന് ലോക്സഭയിൽ വോട്ടെടുപ്പ് നടക്കും.

## ADD-REV EVE LS WOMEN'S RESERVATION

2029-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വനിതാ സംവരണം ഉറപ്പാക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്ന് ചർച്ചക്ക് മറുപടി പറഞ്ഞുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി. മണ്ഡല പുനർനിർണ്ണയ പ്രക്രിയയെ എതിർക്കുന്നവർ യഥാർത്ഥത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സീറ്റുകൾ വർദ്ധിക്കുന്നതിനെയാണ് എതിർക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. വനിതാ സംവരണത്തിനായുള്ള ഭരണഘടനാ ഭേദഗതിയെ ആരും പുറമെ എതിർത്തിട്ടില്ലെങ്കിലും, പ്രായോഗികമായി പ്രതിപക്ഷം ഇതിന് തടസ്സം നിൽക്കുകയാണെന്ന് അദ്ദേഹം പരിഹസിച്ചു. കൃത്യമായ മണ്ഡല പുനർനിർണ്ണയത്തിലൂടെ വോട്ടർമാരുടെ എണ്ണം യുക്തിസഹമായി ക്രമീകരിക്കാൻ സാധിക്കുമെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

## INDIA - AUSTRIA (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രിയൻ ചാൻസലർ ഡോ. ക്രിസ്റ്റ്യൻ സ്റ്റോക്കറും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിൽ ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവെച്ചു.

വിശദാംശങ്ങളിലേക്ക് .........

ഭക്ഷ്യസുരക്ഷ, പ്രതിരോധ സഹകരണം, ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾക്കായി സംയുക്ത വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കൽ തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും ഓസ്ട്രിയയും തമ്മിൽ ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവെച്ചു. അടിസ്ഥാന സൗകര്യം, സുസ്ഥിരത എന്നീ മേഖലകളിൽ ഇന്ത്യയും ഓസ്ട്രിയയും വിശ്വസ്ത പങ്കാളികളാണെന്ന് സംയുക്ത വാർത്താസമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ വേഗതയും ഓസ്ട്രിയയുടെ സാങ്കേതിക വൈദഗ്ധ്യവും ലോകത്തിന് മികച്ച സാങ്കേതികവിദ്യ ഉറപ്പാക്കുമെന്നും ഈ സന്ദർശനം വ്യാപാര-നിക്ഷേപ മേഖലകളിൽ ഉണർവേകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിലെ നാഴികക്കല്ലാണ് ഈ

സന്ദർശനമെന്ന് ഓസ്ട്രിയൻ ചാൻസലർ വിശേഷിപ്പിച്ചു. നേരത്തെ അദ്ദേഹം രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി....

## TRUMP-IRAN CEASEFIRE

ഇറാനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാർ ഉടൻ ഉണ്ടായേക്കാമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. എന്നാൽ വ്യക്തമായ ഒരു സമയപരിധി അദ്ദേഹം നൽകിയില്ല. അടുത്ത ആഴ്ച അവസാനിക്കുന്ന നിലവിലെ രണ്ടാഴ്ചത്തെ വെടിനിർത്തൽ നീട്ടിയേക്കാമെന്നും, എന്നാൽ ഇറാൻ ഒരു കരാറിലെത്താൻ താൽപര്യപ്പെടുന്നതിനാൽ നീട്ടേണ്ട ആവശ്യം വരുമെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അതേസമയം,മേഖലയിലുടനീളമുള്ള സംഘർഷങ്ങൾ അവസാനിപ്പിക്കുന്നതിനായി സമഗ്രമായ പരിഹാരമാണ് ഇറാൻ ആഗ്രഹിക്കുന്നതെന്ന് ഇറാന്റെ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി സയീദ് ഖത്തീബ് സാദെ പറഞ്ഞു.

## WEATHER KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിനു സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്. സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്. പ്രധാന ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചു.

## INTER MINISTERIAL BRIEFING

പശ്ചിമേഷ്യയിലെ ഇന്ത്യൻ പൗരന്മാരും നാവികരും സുരക്ഷിതരാണെന്ന് കേന്ദ്രസർക്കാർ. പ്രവാസികളുടെയും നാവികരുടെയും സുരക്ഷയ്ക്കായി

വിദേശകാര്യ മന്ത്രാലയം, ഷിപ്പിംഗ് മന്ത്രാലയം, പെട്രോളിയം മന്ത്രാലയം എന്നിവ സംയുക്തമായാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇതുവരെ 2,400-ലധികം ഇന്ത്യൻ നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചതായും, കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇന്ത്യൻ കപ്പലുകൾക്ക് അപകടങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്നും ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## LPG SCARCITY (INTRO)

രാജ്യത്ത് ഇന്ധനക്ഷാമം ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ അടിസ്ഥാനരഹിത മാണെന്ന് പെട്രോളിയം മന്ത്രാലയം. പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുള്ളതായും, റിഫൈനറികൾ തടസ്സമില്ലാതെ പ്രവർത്തിക്കുന്നതായും മന്ത്രാലയം അറിയിച്ചു. രാജ്യത്തെവിടെയും ഗ്യാസ് ഏജൻസികളിൽ സ്റ്റോക്ക് തീരുന്ന സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടില്ല. വാണിജ്യ മേഖലയിലെ വിതരണം 70 ശതമാനത്തോളം പുനഃസ്ഥാപിച്ചു കഴിഞ്ഞതായും, 4.68 ലക്ഷം പുതിയ പി എൻജി കണക്ഷനുകൾ നൽകിയതായും പെട്രോളിയം മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁

## WOMEN TWENTY - 20

ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ട്വൻറി - 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. രാത്രി 9.30 ന് ഡർബനിലാണ് മത്സരം. 5 കളികളാണ് പരമ്പര യിലുള്ളത്. ഇന്നു മുതൽ ഈ മാസം 27 വരെയാണ് മത്സരം. ലോക കപ്പിനുള്ള മുന്നൊരുക്കമാണ് ഇരു ടീമുകളും ലക്ഷ്യമിടുന്നത്.

❁❁❁❁❁❁❁❁❁❁❁❁

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തി ലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁

## ISL FOOTBALL

ISL ഫുട്ബോളിൽ ഇന്നത്തെ രണ്ടാം മത്സരത്തിൽ ഒഡിഷ - മുഹമ്മദൻസ് പോരാട്ടം. ഇന്ന് ആദ്യം നടന്ന കളിയിൽ ഡൽഹിക്കെതിരെ ഏകപക്ഷീയ മായ ഒരു ഗോളിന് - ചെന്നൈയിൻ വിജയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## ACCIDENT

പൊള്ളാച്ചിക്കടുത്തുള്ള വാൽപ്പാറയിൽ ടൂറിസ്റ്റ് വാൻ 800 അടി താഴ്ചയുള്ള കൊക്കയിലേക്ക് മറിഞ്ഞ് ഏഴ് പേർ മരിച്ചു. എട്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റു. വാൽപ്പാറയിൽ പര്യടനം നടത്തിയ ശേഷം ഇന്ന് വൈകുന്നേരം പൊള്ളാച്ചി വഴി കേരളത്തിലേക്ക് വാനിൽ മടങ്ങുകയായിരുന്ന സംഘമാണ് അപകടത്തിൽപ്പെട്ടത്. ടൂറിസ്റ്റ് വാനിൽ ഉണ്ടായിരുന്നത് കേരളത്തിലെ മലപ്പുറത്തെ ഒരു സ്വകാര്യ സ്കൂളിലെ അധ്യാപകരാണെന്നാണ് പ്രാഥമിക വിവരം.

❁❁❁❁❁❁❁❁❁❁❁❁

## HAJJ 2026

ഇന്ത്യയിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് നാളെ തുടക്കമാകും. ആദ്യ സംഘം നാളെ സൗദി അറേബ്യയിലേക്ക് തിരിക്കും. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എഴുപത്തയ്യാ യിരത്തിലധികം തീർത്ഥാടകരാണ് ഇത്തവണ ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്നത്. തീർത്ഥാടകർക്ക് സുരക്ഷിതവും സുഖകരവുമായ സൗകര്യങ്ങൾ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## NITI-RELEASED

ഇന്ത്യയിലെ ടൂറിസം സാധ്യതകളും സാംസ്കാരിക വൈവിധ്യങ്ങളും പരിചയപ്പെടുത്തുന്ന പുസ്തകം 'ദിവ്യ ഭാരത്', നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിനോദസഞ്ചാര കേന്ദ്രങ്ങൾ, കലകൾ, പാചകരീതികൾ, കരകൗശല വസ്തുക്കൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു യാത്രാ സഹായി യാണിത്. പ്രശസ്തമായ സ്ഥലങ്ങൾക്ക് പുറമെ അധികം അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെയും പുസ്തകത്തിൽ പരിചയപ്പെടുത്തുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸

## NUCLEAR ENERGY KALPAKKOM

തമിഴ്നാട്ടിലെ കൽപ്പാക്കത്ത് പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തനസജ്ജമായതിനെ ലോക്സഭ പ്രകീർത്തിച്ചു. ഇന്ത്യയുടെ ശാസ്ത്ര പുരോഗതിയുടെയും സാങ്കേതിക സ്വയംപര്യാപ്തതയുടെയും ഉജ്ജ്വലമായ അടയാളമാണിതെന്ന് സ്പീക്കർ ഓം ബിർള സഭയിൽ പറഞ്ഞു. 2070-ഓടെ കാർബൺ തുലിതാവസ്ഥയിലേക്കെത്താനുള്ള ഇന്ത്യയുടെ ലക്ഷ്യത്തിന് ഈ നേട്ടം കരുത്തുപകരും. പരിസ്ഥിതി സൗഹൃദ ഊർജ്ജത്തോടുള്ള രാജ്യത്തിന്റെ പ്രതിജ്ഞാബദ്ധതയും സ്പീക്കർ ആവർത്തിച്ചു.

☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸
☸☸☸☸☸☸